പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2538

12/06/2018 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ.യു. ആർ. പ്രദീപ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | 2016 മാർച്ച് 31-ലെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡ് -ന്റെ നഷ്ടം എത്ര കോടി രൂപ ആയിരുന്നു; | എ) | 2016 മാർച്ച് 31-ലെ താൽക്കാലിക കണക്കുകൾ പ്രകാരം കൺസ്യൂമർ ഫെഡിന്റെ തൻവർഷത്തെ നഷ്ടം 29.10 കോടി രൂപയായിരുന്നു. |
| ബി) | 2018-മാർച്ച് 31-ലെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര കോടി രൂപ ലാഭം നേടിയിട്ടുണ്ട്; | ബി) | 2018 മാർച്ച് 31-ലെ താൽക്കാലിക കണക്കുകൾ പ്രകാരം കൺസ്യൂമർ ഫെഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 31/03/2018 ൽ 71.88 കോടി രൂപ തൻവർഷം ലാഭം നേടിയിട്ടുണ്ട്. |
| സി) | പ്രസ്തുത സ്ഥാപനത്തിൽ നിലനിന്നിരുന്ന അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുവാൻ കഴിഞ്ഞതാണ് ഇതിന്റെ പ്രവർത്തനം മികവുറ്റതാകാൻ കാരണം എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | സി) | കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ മൂന്ന് തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>1) ചെലവ് ചുരുക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ-ഇതിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കൽ, നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിക്കൽ, ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കൽ എന്നിവ ഉൾപ്പെടുന്നു.<br>2) അഴിമതി ഇല്ലാതാക്കി സുതാര്യമായ പ്രവർത്തനം ചിട്ടപ്പെടുത്തൽ- ഇതിന്റെ ഭാഗമായി ഇ-ടെൻഡറുകൾ വഴി സാധനങ്ങൾ വാങ്ങുക, പർച്ചേസ് പോളിസിക്ക് രൂപം നൽകുക, റൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 3) നിലവിൽ ഉപയോഗ്യമല്ലാത്ത സാധനങ്ങൾ വിൽക്കുക- ഇതിന്റെ ഭാഗമായി മൊബൈൽ ത്രിവേണി വാഹനങ്ങൾ വിൽക്കുക, ഉപയോഗ യോഗ്യമല്ലാതെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിൽക്കുക എന്നിവ നടപ്പിലാക്കി വരുന്നു. |
| ഡി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിലൂടെ വിലക്കയറ്റത്തെ തടഞ്ഞു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതൽ തിങ്ങി പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെൻഡർ സംവിധാനം ഫലപ്രദമാക്കുന്നതിനും മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അതുവഴി നീതി മെഡിക്കൽ സ്റ്റോറുകളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>ഓണം, ക്രിസ്മസ് എന്നീ ആഘോഷങ്ങൾക്ക് തൊട്ടുമുമ്പുള്ള 10 ദിവസങ്ങളിൽ വിപുലമായ ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി ഫെഡറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡി നിരക്കിലും മറ്റ് അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിലും വിപണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റംസാൻ ഫെയർ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ